**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും ഗുരുതര പരിക്ക് പറ്റി ചികിത്സയിലായവർക്കും എത്ര രൂപയാണ് ഇപ്പോൾ നഷ്ട പരിഹാരമായി അനുവദിക്കുന്നതെന്നും ഏതു കാലയളവു വരെയാണിതു നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ “The Kerala Rules for Payment of Compensation to Victims of Attack by Wild Animals” -ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം, 25-10-2022-ലെ G.O.(Ms) No.50/2022/F&WLD, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം.03/2024/വനം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള തുകകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. ടി ഉത്തരവുകൾ പ്രകാരം, മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക്, പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു. തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് വനത്തിനകത്ത് വച്ച് ജീവഹാനി സംഭവിക്കുകയാണെങ്കിൽ പത്ത് ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന ജീവഹാനിയ്ക്ക് രണ്ട് ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ സ്ഥായിയായ അംഗവൈകല്യം ഉണ്ടാകുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്ക് പറ്റുന്നവർക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിലും നൽകി വരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകി വരുന്നു.<br><br>ചുരുക്കം ചില വനം ഡിവിഷനുകളിൽ ഒഴികെ മറ്റെല്ലാ ഡിവിഷനുകളിലും 2024 മാർച്ച് 31 വരെയുള്ള അപേക്ഷകളിൽമേൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ചില ഡിവിഷനുകളിൽ നാളിതുവരെ ലഭ്യമായ |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽമേലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ